# എയുപിഎസ്
# ഉദിനൂർ എടച്ചാക്കൈ



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025




## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

# എയുപിഎസ്
# ഉദിനൂർ എടച്ചാക്കൈ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025



### സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

## ആമുഖം

കേരളത്തിന്റെ പൊതു വിദ്യാഭ്യാസ രംഗത്ത് വലിയ ആവേശവും ഉണർവ്വും പ്രകടമായിക്കൊണ്ടിരിക്കുന്ന അധ്യയന വർഷങ്ങളിലൂടെയാണ് നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. പൊതു വിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സമൂഹ പങ്കാളിത്തം അനിവാര്യമാണെന്ന സർക്കാരിന്റെ നിലപാടിനോട് വളരെ ക്രിയാത്മകമായി പ്രതികരിക്കുകയാണ് കേരളീയ സമൂഹം. ഇതിന്റെ ഏററവും വലിയ ഉദാഹരണമാണ് സ്കൂൾ പ്രവേശനത്തിൽ കണ്ട മുന്നേറ്റം. എന്നാൽ കോവിഡ് ഒരു ഓർമയായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ശക്തിയോടെ തിരിച്ചെത്തിയ സ്വകാര്യ വിദ്യാഭ്യാസ മേഖലയുടെ ഇടപെടൽ വീണ്ടും പൊതു വിദ്യാഭ്യാസത്തിന്റെ ശക്തി ക്ഷയിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് നാം കണ്ടില്ലെന്ന് നടിക്കരുത്. പൊതു വിദ്യാഭ്യാസത്തിന്റെ ശാക്തീകരണം വരും കാലഘട്ടത്തിൽ തുടർ പ്രക്രിയയായി തന്നെ കാണേണ്ടതുണ്ട്.

കേരളത്തിലെ മുഴുവൻ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറുക എന്ന ലക്ഷ്യത്തോടെ ഭരണകർത്താക്കളും പൊതു സമൂഹവും ഒന്നിച്ചു ചേർന്നാൽ ഈ സ്വപ്നം യാഥാർഥ്യമാക്കാവുന്നതാണ്.

ഗുണമേന്മാ വിദ്യാഭ്യാസ കുട്ടികളുടെ അവകാശമാണ് . കുട്ടികൾ വ്യത്യസ്തരാണ് . കഴിവുകളിലും ശേഷികളിലും പഠനനിലവാരത്തിലും ഈ വ്യത്യസ്തത നിലനിൽക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെയും പഠന മുന്നേറ്റം ലക്ഷ്യം വെക്കുന്ന പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിലും ുണ്ടാവണം . എല്ലാവരുടെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം Inclusive Education പ്രാവർത്തികമാക്കാനായി നിരവധി വൈവിധ്യ മാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നമ്മുടെ വിദ്യാലയത്തിനും കഴിയണം. ഇതിലൂടെ ിഈ കുട്ടികൾക്കും ഗുണ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായ പഠനാവസരങ്ങൾ ലഭ്യമാക്കി വളർച്ചയുടെ പടവുകളിലേക്ക് ഉയരുമെന്നത് തീർച്ചയാണ് .

കാസർകോട് റവന്യൂ ജില്ലയിലെ ചെറുവത്തൂർ ഉപജില്ലയിൽ പടന്ന ഗ്രാമ പഞ്ചായത്തിലെ ഒരു എയ്ഡഡ് അപ്പർ പ്രൈമറി വിദ്യാലയമാണ് ഉദിനൂർ എടച്ചാക്കൈ എ.യു.പി. സ്കൂൾ. ഉന്നത നിലവാരം പുലർത്തുന്ന ഈ സ്കൂൾ സ്ഥാപിച്ചത് 1940 കളിലാണ്. ന്യൂനപക്ഷ വിഭാഗങ്ങൾ ഏറെയുള്ള എടച്ചാക്കൈ, മാച്ചിക്കാട്, മുതിരക്കൊവ്വൽ, കിനാത്തിൽ തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി വ്യവസായ പ്രമുഖനും മനുഷ്യ സ്നേഹിയുമായ അന്തരിച്ച ഹാജി. ടി. റംസാൻ അവർകളാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. എടച്ചാക്കൈ പ്രദേശത്ത് പ്രവർത്തിച്ചു വന്നിരുന്ന അൽ അമീൻ

യത്തീംഖാന സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്ന എൽ.പി. വിദ്യാലയമായി ഇത് ആരംഭിച്ചത്. അഞ്ചാം ക്ലാസ്സ് പഠനം പൂർത്തിയായവർക്ക് തുടർ വിദ്യാഭ്യാസം തടസ്സമായ സാഹചര്യത്തിൽ 1979 ലാണ് യു.പി. സ്കൂളായി ഉയർത്തിയത്. അതോടുകൂടി കൂടുതൽ സൗകര്യ പ്രദമായ സ്ഥലത്തേക്ക് മാറ്റപ്പെടുകയും ഉപജില്ലയിൽ തന്നെ മികച്ച ഭൗതിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇപ്പോൾ പ്രീപ്രൈമറി മൂന്ന ക്ലാസ്സ് ഒന്ന മുതൽ ഏഴാം ക്ലാസ്സ വരെ പതിഞ്ചു ക്ലാസ്സുകളിലായി 470 ഓളം കുട്ടികൾ പഠനം നടത്തി വരുന്നു. സമീപ പ്രദേശങ്ങളെ കൂടാതെ ആയിററി, ഇടയിലെക്കാട്, തെക്കേക്കാട്, വടക്കേക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നായി കുട്ടികൾ പഠനത്തിനായി ഇവിടെ എത്തിച്ചേരുന്നു. ഒരു സംരക്ഷിത അധ്യാപിക ഉൾപ്പെടെ 20 അധ്യാപകരും ഒരു അനധ്യാപകനും ഇവിടെ ജോലി ചെയ്തു വരുന്നു. അന്തരിച്ച റംസാൻ ഹാജിയുടെ മകൻ എൻ.ബി.ബഷീർഅഹമ്മദാണ്ഇപ്പോഴത്തെമാനേജർ.

### കഴിഞ്ഞമൂന്നു വർഷങ്ങളിലെ കുട്ടികളുടെ എണ്ണം

| 2023-24 | | 2024-25 | | 2025-26 | |
|---|---|---|---|---|---|
| ക്ലാസ്സ് | എണ്ണം | ക്ലാസ്സ് | എണ്ണം | ക്ലാസ്സ് | എണ്ണം |
| **1** | 46 | **1** | 47 | **1** | 50 |
| **2** | 47 | **2** | 48 | **2** | 50 |
| **3** | 53 | **3** | 49 | **3** | 42 |
| **4** | 50 | **4** | 53 | **4** | 55 |
| **5** | 55 | **5** | 71 | **5** | 55 |
| **6** | 62 | **6** | 69 | **6** | 85 |
| **7** | 70 | **7** | 59 | **7** | 62 |
| ആകെ | **383** | ആകെ | **394** | ആകെ | **397** |

### സ്റ്റാഫ് വിവരം

| നമ്പർ | സ്റ്റാഫ് | സ്ഥിരം | താത്കാലികം | ആകെ |
|---|---|---|---|---|
| 1 | പ്രധാനധ്യാപകൻ | 1 | | 1 |
| 2 | ലോവർ പ്രൈമറി വിഭാഗം | 6 | 2 | 8 |
| 3 | അപ്പർ പ്രൈമറി വിഭാഗം | 5 | 2 | 7 |
| 4 | ജൂനിയർ ലാംഗ്വേജ് ഹിന്ദി | 1 | | 1 |
| 5 | ജൂനിയർ ലാംഗ്വേജ് അറബിക് | 2 | | 2 |
| 6 | ജൂനിയർ ലാംഗ്വേജ് സംസ്കൃതം | 1 | | 1 |
| 7 | ജൂനിയർ ലാംഗ്വേജ് ഉറുദു | 1 | | 1 |
| 8 | ഓഫീസ് അറ്റന്റന്റ് | 1 | | 1 |
| | ആകെ | **17** | **4** | **22** |

അക്കാദമിക വർഷാരംഭത്തിന് മുൻപ് തന്നെ എസ്. ആർ.ജി ചേർന്ന് നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തുകയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് കരട് രേഖ തയ്യാറാക്കുകയും എസ്.എം.സി, പി.ടി.എ എന്നിവയുടെ സംയുക്ത യോഗത്തിൽ ചർച്ച ചെയ്ത് സമ്പുഷ്ടമാക്കിയാണ് ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഒട്ടേറെ ഭൗതിക നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഈ വർഷം സാധിച്ചിട്ടുണ്ട്. എല്ലാ ക്ലാസ്സ് മുറികളിലും ലൈബ്രറിക്കാവശ്യമായ അലമാര, എല്ലാ ക്ലാസ്സുകളിലും കുടിവെള്ളം ശേഖരിച്ച് വെക്കുന്നതിനുള്ള പാത്രം, ഉച്ചഭക്ഷണം കഴിക്കുന്നതിന് മുഴുവൻ കുട്ടികൾക്കും പ്ലേറ്റ് എന്നിവ ഇതിൽ ചിലതാണ്. അക്കാദമിക രംഗത്ത് ഒട്ടേറെ പുരോഗതി നേടാൻ സാധിച്ചിട്ടുണ്ട്. അതുപോലെ പാഠ്യേതര പ്രവർത്തനങ്ങളിൽ കലാ,കായിക, പ്രവൃത്തിപരിചയ മേളകളിൽ ഉപജില്ലാ, ജില്ലാ, സംസ്ഥാന മേളകളിൽ വിജയം നേടാൻ കഴിഞ്ഞ വർ ഷങ്ങളിൽ സാധിച്ചിട്ടുണ്ട്.

### പ്രതിസന്ധികളും പരിമിതികളും

ഭൗതിക അക്കാദമിക നേട്ടങ്ങളിൽ ഒട്ടേറെ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.എന്നാൽ ഒട്ടേറ പരിമിതികൾ നാം നേരിടുന്ന എന്നത് ഒരു യാഥാർഥ്യമാണ്. ഇവിടെ പഠനം നടത്തുന്ന കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിൽ നിന്നും വരുന്നവരാണ്. അതുപോലെ പുരുഷ രക്ഷിതാക്കൾ ഗൾഫ്, മുംബൈ തുടങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരാണ്. അതിനാൽ കുട്ടികളെ വേണ്ടപോലെ സഹായിക്കാൻ പറ്റാത്ത ഒരു സാഹചര്യം ഈ പ്രദേശത്തുണ്ട്. അതുപോലെ മദ്രസ്സ പഠനവും സ്കൂൾ പഠനവും ഒന്നിച്ച് കൊണ്ടു പോകുമ്പോഴുണ്ടാകുന്ന വിഷമതകളും കുട്ടികളുടെ പഠന പുരോഗതിയെസ്വാധീനിക്കുന്നു.

കുട്ടികളെ കൃത്യമായി സ്കൂളിലെത്തിക്കാൻ ഒരു വിഭാഗം രക്ഷിതാക്കൾ കാണിക്കുന്ന അലംഭാവവും പഠന പുരോഗതിയെ ബാധിക്കുന്നുണ്ട്. അതുപോലെ ആധുനിക കാലഘട്ടത്തിനനുസരിച്ച് ക്ലാസ്സ് മുറികൾ മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത പഠന പുരോഗതിക്ക് തടസ്സമായി മാറുന്നു. ശക്തമായ പി.ടി.എ , പൂർവ്വ വിദ്യാർഥി സംഘടന എന്നിവയുടെ അഭാവം നമ്മൾ നേരിടുന്ന പ്രതിസന്ധിയാണ്.

### കാഴ്ചപ്പാട് : വിദ്യാലയം മികവിന്റെ കേന്ദ്രം

1. പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ

2. ശുചിത്വം, അനുകമ്പ, ദയ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താനാവശ്യമായ സാഹചര്യം ഒരുക്കൽ

3. പാർശ്വവൽകരിക്കപ്പെട്ടവർ

4. ഏറ്റവും മികച്ച ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലെ കുട്ടികളും നേടുന്നുവെന്ന്

ഉറപ്പാക്കുക

5. പരിസ്ഥിതി ബോധത്തോടെ ജീവിക്കാനും മറ്റുള്ളവർക്ക് ഉറപ്പുവരുത്താനും പരിസ്ഥിതിയെ കാത്തു സൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

## പൊതു ലക്ഷ്യങ്ങൾ

1. ശിശു കേന്ദ്രീകൃതവും പരിഷ്കൃത പഠന രീതി ഉറപ്പു വരുത്തിയും പ്രീപ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന
2. ഓരോകുട്ടിയും ആർജിക്കേണ്ടുന്ന ശേഷിയും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
3. കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമിടുന്നു.
4. അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠോനോപകരണങ്ങൾ വിദ്യാലയത്തിൽ ഒരുക്കുക
5. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക
6. പ്ലാസ്റ്റിക്, ലഹരി, കീടനാശിനി വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക
7. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന രീതിയിൽ ജൈവവൈവിധ്യ സംവിധാനം ഉറപ്പാക്കുക
8. പിന്നാക്ക വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക
9. സ്കൂൾ, ക്ലാസ്സ്, ലൈബ്രറികൾ ലബോറട്ടറികൾ എന്നിവ ശക്തിപ്പെടുത്തുക

## പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

**മലയാളം ( എൽ.പി )**

വായന , ലേഖനം പരിപോഷിപ്പിക്കൽ
ചിത്ര വായന
രചനാ ശിൽപ്പശാല
സർഗ സല്ലാപം
നാടകക്കളരി
കൈയെഴുത്ത് മാസിക പതിപ്പ് നിർമ്മാണം
കൈയെഴുത്ത് മൽസരം
കുട്ടിയെ മികച്ച വായനക്കാരനാക്കുക
അക്ഷരങ്ങളിൽ നിന്നും വാക്യങ്ങളിലേക്ക്
പത്ര വായന
മധുരം മലയാളം
സംയുക്ത ഡയറി

പാട്ടരങ്ങ്

**ഇംഗ്ലീഷ് ( എൽ.പി )**

റീഡേർസ് തിയറ്റർ

ഗ്രോയിംഗ് ചാർട്ട്

**ഗണിതം ( എൽ.പി )**

ഗണിത പഠനോപകരണ ശിൽപശാല

ഗണിത മേള

**പരിസര പഠനം ( എൽ.പി )**

ഭൂപട നിർമ്മാണം

ഫീൽഡ് ട്രിപ്പ്

ശാസ്ത്രോത്സവം

**ഇംഗ്ലീഷ്**

അക്ഷങ്ങളിൽ നിന്നും വാക്കുകളിലേക്ക്

ഡിക്ഷ്ണറി

റീഡിംഗ് കോംപറ്റീഷൻ

മെമ്മറി ടെസ്റ്റ്

അക്ഷരക്ലാസ്സ്

അക്ഷരക്കാർഡ്  വായനക്കാർഡ്

ഇംഗ്ലീഷ് അസംബ്ലി

വളരുന്ന നിഘണ്ടു

ഇംഗ്ലീഷ് കോർണർ

ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ്

ഇംഗ്ലീഷ് ഫെസ്റ്റ്

ഗ്രാമർ സ്കൂൾ

**ഹിന്ദി**

രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

ഹിന്ദി അസംബ്ലി

വായനാ ലോകത്തേക്ക്

ദിനാചരണം

സംസ്കൃതം

മധുരം സംസ്കൃതം

ആർഷവാണീ

വ്യാകരണ അവബോധം

സംസ്കൃത അസംബ്ലി

പ്രശ്നോത്തരി

**അറബിക്**

അറബിക് മധുരം

വായനത്തിളക്കം

എഴുത്തിന്റെ ലോകം

**അടിസ്ഥാന ശാസ്ത്രം**

ഫീൽഡ് ട്രിപ്പ്

ഔഷധത്തോട്ട നിർമ്മാണം

ബോധവൽകരണ ക്ലാസ്സ്

ശാസ്ത്രലാബ് സജ്ജീകരണം

ശാസ്ത്രീയ മനോഭാവം വളർത്തൽ

ശാസ്ത്രപഠനം രസകരമാക്കൽ

ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക

ശാസ്ത്ര വിസ്മയച്ചുമർ

പരീക്ഷണങ്ങൾ, സെമിനാർ, ഫീൽഡ് ട്രിപ്പ്

**സാമൂഹ്യ ശാസ്ത്രം**

സാമൂഹ്യ ശാസ്ത്ര ലാബ്

മോക്ക് പാർലമെന്റ്

സാമൂഹ്യ ശാസ്ത്ര ലൈബ്രറി

ബുള്ളറ്റിൻ ബോർഡ്

മാധ്യമ ക്വിസ്

സാമൂഹ്യ ശാസ്ത്ര സംബന്ധിയായ പഠന യാത്രകൾ

ഡിബേറ്റ് ക്ലബ്ബ്

പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് സംവാദം- ആനുകാലിക വിഷയങ്ങളിൽ

ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുതക്കൽ

സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ തലങ്ങളിലേക്ക് സാമൂഹ്യശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ

പാത്രവായനശീലം വളർത്തിയെടുക്കൽ

**ഗണിതം**

സംഖ്യാബോധം ഉണ്ടാക്കൽ

ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

ഗണിതം മധുരമാക്കൽ

ഗണിത വിജയം

ഗണിത ക്വിസ്സ്

ഗണിത ശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

**ഉറുദു**

ഇബ്തിദാ ( ആരംഭം)

പ്യാരി ഉർദു ( വായന)

മുതവജ്ജ (എഴുത്തിലേക്ക് )

ജശ്നെ ഉർദു ( ദിനാചരണം )

അസാനി ഉർദു ( ഉർദു അനായാസം )

A+ മിഷൻ

പഠേം ലിഖേം ( സാഹിത്യാഭിരുചി)

മേരി ആവാസ് സുനോ ( പാടാം പറയാം)

സുഹാന സഫർ (പഠന യാത്ര )

ആവാസ് ഉർദു ( ഉർദു ശബ്ദം )

ഇനാം ( പുരസ്കാരം )

### പ്രതീക്ഷിത നേട്ടങ്ങൾ

1. ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

2. സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാൽകരിക്കുന്നു.

3. അയൽപക്ക വിദ്യാലയം എന്ന ആശയത്തിലൂന്നി മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുകവഴി കുട്ടികളുടെ എണ്ണം വർധിപ്പിക്കുക

4. വിദ്യാഭ്യാസ രംഗത്തെ ഗുണപരമല്ലാത്ത പ്രവർത്തനങ്ങളെ നിരുൽസാഹപ്പെടുത്തുന്നു.

### മോണിറ്ററിംഗ്

ഉദ്യോഗസ്ഥ തലത്തിലുള്ള ശക്തമായ മോണിറ്ററിംഗിനു പുറമെ സോഷ്യൽ മോണിറ്ററിംഗ് പി.ടി.എ , എം.പി. ടി.എ, എസ്.എസ്. ജി, എസ്. ആർ.ജി എന്നിവ ശക്തമായി ഇടപെടുന്നതാണ്. അതോടൊപ്പം എച്ച്.എം, എസ്. ആർ.ജി കൺവീനർ പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ ദൈനംദിന മോണിറ്ററിംഗും നടത്തുന്നതാണ്.

### ഉപസംഹാരം

ലോകത്തെ പുതിയ സാമ്പത്തിക നയങ്ങൾ പോതു ഇടങ്ങളെ ഇല്ലാതാക്കി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന നമ്മുടെ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ വൽകരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നേട്ടങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഇത് വിജയിപ്പിക്കുക എന്നത്. ഒട്ടേറെ തലമുറകളെ സൃഷ്ടിച്ച നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം ആഗ്രഹിച്ചുകൊണ്ട് സമർപ്പിക്കുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | തനത് പ്രവർത്തനം ഒന്നാം തരം ഒന്നാംതരം ഒന്നാം തരത്തിലെ മുഴുവൻ കുട്ടികൾക്കും എഴുത്ത് വായന എന്നീ ശേഷികൾ ഉറപ്പിക്കൽ | അമ്മ വായന , കുഞ്ഞു വായന, ,സംയുക്ത വായന , ഉച്ചക്കഥ ( വെള്ളിയാഴ്ചകളിൽ ഉച്ചയ്ക്ക് മുതിർന്ന കുട്ടികൾ ഒന്നാം തരത്തില് കുട്ടികൾക്ക് കഥ പറഞ്ഞു കൊടുക്കുന്നു. എഴുത്തും വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ , എസ്.ആർ.ജി , പി.ടി.എ | |
| മേഖല അക്കാദമികം | | | | | ഉപമേഖല മലയാളം ( എൽ.പി ) |
| 1 | ഭാഷാപരമായ ശേഷികൾ വികസിപ്പിക്കൽ | പ്രീടെസ്റ്റ് മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ഓരോ ക്ലാസ്സിലും പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തുന്നു. മലയാളത്തിളക്കം , ശ്രദ്ധ തുടങ്ങിയ പ്രവർത്തന മൊഡ്യൂളുകളിലൂടെ ശേഷീ വികാസം ഉണ്ടാക്കിയെടുക്കുന്നു. | ജൂൺ - ആഗസ്ത് | ക്ലാസ്സ് ടീച്ചർ | |
| 2 | വായന, ലേഖനം പരിപോഷിപ്പിക്കൽ | സ്ലിപ്പുകൾ അക്ഷരം , പദങ്ങൾ, വാക്യം വായനാകാർഡ് ബാലമാസികകൾ, കഥാപുസ്തകങ്ങൾ, വായിക്കാൻ അവസരം നൽകുന്നു. കഥപറയിപ്പിക്കുന്നു. എഴുതിക്കുന്നു. വായിച്ച കഥകളുടെയും പുസ്തകങ്ങളുടെയും വായനാക്കുറിപ്പ് തയ്യാറാക്കുന്നു. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| 3 | ചിത്രവായന | ചിത്രങ്ങൾ കൊടുത്ത് അടിക്കുറിപ്പ് തയ്യാറാക്കൽ, വിവരണം, വർണ്ണന, എന്നിവയ്ക്ക് അവസരം നൽകുന്നു. കഥയുടെ ആദ്യഭാഗം കൊടുത്ത് ബാക്കി ഭാഗം എഴുതിക്കുന്നു. | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 4 | നിഘണ്ടു നിർമ്മാണം | പാഠഭാഗത്തു വരുന്ന പുതിയ പദങ്ങൾ കണ്ടെത്തുന്നു. അതിന്റെ അർഥം എഴുതി വളരുന്ന നിഘണ്ടു ഉണ്ടാക്കുന്നു. | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| 5 | രചനാ ശിൽപ്പ ശാല | സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ കഥയരങ്ങ്, കവിയരങ്ങ്, രചനാ ശിൽപ്പ ശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി | 3000 രൂപ |
| 6 | സർഗസല്ലാപം | പ്രാദേശികമായി ലഭ്യാമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ. അവരുടെ വായന, എഴുത്ത്, അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കല് | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | 1000 രൂപ |
| 7 | നാടകക്കളരി | പാഠഭാഗത്തുള്ള ചെറുകഥകൾ നാടകങ്ങൾ എന്നിവയുടെ രംഗാവിഷ്കാരം തയ്യാറാക്കൽ, അവതരണം | ഓരോ ടേമിലും | എസ്.ആർ.ജി | 5000 രൂപ |
| 8 | കൈയെഴുത്തു മാസിക/ പതിപ്പ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് കൈയെഴുത്ത് മാസികകൾ ഓരോ ക്ലാസ്സിലും തയ്യാറാക്കുന്നു. അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |
| 9 | കൈയെഴുത്തു മൽസരം | കുട്ടികളുടെ കൈയെഴുത്ത് മെച്ചപ്പെടുത്തുന്നതിന് ഓരോ ക്ലാസ്സിലും കൈയെഴുത്ത് മൽസരം നടത്തി സമ്മാനം നൽകുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |
| 10 | വായനക്കൂട്ടം | കുട്ടിയെ മികച്ച വായനക്കാരനാക്കുക, ക്ലാസ്സ് | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | രൂപീകരിക്കൽ,<br>ക്ലാസ്സ് ലൈബ്രറി സജീവമാക്കൽ, സ്കൂൾ ലൈബ്രറി നവീകരിക്കൽ സമീപ ഗ്രന്ഥശാലകളിൽ അംഗത്വം | | | |
| 11 | പത്രവായന | ഓരോക്ലാസ്സിലും പത്രവായന , പത്ര വാർത്തകളെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ കണ്ടെത്തൽ, ഓരോ ആഴ്ചയിലും അനവയുടെ അടിസ്ഥാനത്തിൽ ക്ലാസ്സ് തല ക്വിസ്, പ്രതിമാസ ക്വിസ് , ലിറ്റിൽ ജിനിയസ് ക്വിസ് | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി | |
| 12 | മധുരം മലയാളം കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക | പ്രീടെസ്റ്റ് നടത്തി ഭാഷയിൽ പിന്നാക്കം നിൽക്കുന്ന വരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകൽ, അക്ഷര കാർഡ് ,വായന കാർഡ് ആകർഷകമായ പുസ്തകങ്ങൾ,എന്നിവ നൽകി വായനയിൽ താത്പര്യം ഉണ്ടാക്കുന്ന പ്രത്യേക ക്ലാസ്സുകൾ നൽകുന്നു.<br>മലയാളത്തിളക്കം ശ്രദ്ധ തുടങ്ങിയ പ്രവർത്തന മൊഡ്യൂളുകളിലൂടെ ശേഷീ വികാസം ഉണ്ടാക്കിയെടുക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| 13 | സംയുക്ത ഡയറി -സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എവുതാനും കഴിയുന്നു | ദൈനംദിന അനുഭവങ്ങളിലെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നു. കുട്ടികളെ സർഗാത്മക രചനയിലേക്ക് നയിക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| 14 | പാട്ടരങ്ങ് താളം മനസ്സിലാക്കി പാഠത്തിലുള്ളതും മറ്റു സമാന കവിതകൾക്കും ഈണം | കവിതകളുടെ ഈണം കണ്ടെത്തി അവതരിപ്പിക്കൽ പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു . കുട്ടിക്കവിതകൾ വായിച്ചു ആസ്വദിക്കുന്നു | | | | |
| 15 | കാവ്യോത്സവം കുട്ടികൾക്ക് കവിത പഠനം എളുപ്പമുള്ളതാക്കാനും കവിതയിൽ താത്പര്യം ഉണ്ടാക്കാനും | ഒരു കവിത തിരഞ്ഞെടുത്ത് അതിന്റെ ദൃശ്യാവിഷ്കാരം ബാല സഭയിലോ സി.പി.ടി.എ യിലോഅവതരിപ്പിക്കുന്നു | മൂന്നു ടേമിലും | ക്ലാസ്സ് ടീച്ചർ | |
| **മേഖല അക്കാദമികം** | | | | | **ഉപമേഖല ഇംഗ്ലീഷ് ( എൽ.പി )** |
| 16 | റീഡേർസ് തിയറ്റർ ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും മികച്ച് വായനക്കാരാക്കുന്നു | എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത കൃതികൾ എന്നിവ റീഡേർസ് തിയറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു | ജൂലൈ- മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| 17 | ഗ്രോയിംഗ് ചാർട്ട് പദ സമ്പത്ത് വർധിപ്പിക്കൽ | ഓരോ യൂണിറ്റിലേയും പുതിയ പദങ്ങൾ ചേർത്ത് വളരുന്ന ചാർട്ട് | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | 500 |
| **മേഖല അക്കാദമികം** | | | | | **ഉപമേഖല പരിസര പഠനം ( എൽ.പി )** |
| 18 | ഭൂപട നിർമ്മാണം -കേരളം ഇന്ത്യ ഭൂപട വായന | ജില്ലകൾ സംസ്ഥാനങ്ങൾ എന്നിവ പരിചയപ്പെടൽ | നവംബർ - ജനുവരി | ക്ലാസ്സ് ടീച്ചർ | |
| 19 | ഫീൽഡ് ട്രിപ്പ് പരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട പാൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ | 1000 |
| 20 | ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ചാർച്ച് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി | |

| | | | | | |
|---|---|---|---|---|---|
| **മേഖല അക്കാദമികം** | | | | **ഉപമേഖല ഗണിതം( എൽ.പി )** | |
| 21 | ഗണിത പഠനോപകരണ ശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിതം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി | 1000 |
| 22 | ഗണിത മേള ഗണിത ശേഷികളുടെ പ്രകടനം | പസിൽ, പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി | 1000 |
| **മേഖല അക്കാദമികം** | | | | **ഉപമേഖല ഇംഗ്ലീഷ് ( യു.പി )** | |
| 23 | അക്ഷരങ്ങളിൽ നിന്നും വാക്യങ്ങളിലേക്ക് അക്ഷരക്ലാസ്സ് . അക്ഷര കാർഡ് വായന കാർഡ് (പിന്നാക്കക്കാർക്ക്) | അക്ഷരങ്ങളിൽ നിന്നും വാക്യങ്ങളിലേക്ക് ലെറ്റേർസ് ഉപയോഗിച്ച് പരിചിതമായ വാക്കുകൾ കണ്ടെത്തുന്നു. തുടർന്ന് ഈ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങളിലേക്കും മറ്റു ഡിസ്കോഴ്സിലേക്കും പോകുന്നു. | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |
| 24 | ഡിക്ഷ്ണറി | പാഠഭാഗത്തിലെ പുതിയ വാക്കുകൾ കണ്ടുപിടിച്ച് (ഓരോ ലെറ്റർ ഓരോ പേജിൽ )അർഥം ഇംഗ്ലീഷിലും മലയാളത്തിലും എഴുതുന്നു. | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |
| 25 | റീഡിംഗ് കോംപറ്റീഷന് | പാഠഭാഗവും കഥകളും വായിപ്പിച്ച് മികച്ച വായനക്കാരെ കണ്ടെത്തുന്നു. | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |
| 26 | മെമ്മറി ടെസ്റ്റ് | പരിചിതമായ ചില സാധനങ്ങൾ ക്ലാസ്സിൽ പ്രദർ | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | ശിപ്പിച്ചശേഷം തിരിച്ചെടുക്കുന്നു. തുടർന്ന് ആ സാധനങ്ങളുടെ പേരുകൾ ഓർമയിൽ നിന്ന് എഴുതാൻ പറയുന്നു. | | | |
| 27 | അക്ഷരക്ലാസ്സ് (പിന്നാക്കക്കാർക്ക്) | ഇംഗ്ലീഷ് അക്ഷരമാല ഉറച്ചിട്ടില്ലാത്ത കുട്ടികൾക്ക് അവ വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. കാപ്പിറ്റൽ ,സ്മാൾ ലെറ്റർ ഇടകലർത്തി എഴുതുന്ന ശീലം മാറ്റുക ഒരോ ക്ലാസ്സ് അധ്യാപകന്റെയും നേരിട്ടുള്ള ചുമതലയിൽ ഒഴിവു സമയങ്ങളിലും ക്ലാസ്സ് കഴിഞ്ഞും പരിശിലിപ്പിക്കുന്നു. ആദ്യം കുട്ടികളെ തിരഞ്ഞെടുക്കുന്നു. കളികൾ ഉപയോഗിക്കുന്നു. | എല്ലാ പ്രവൃത്തി ദിവസങ്ങളും | ഇംഗ്ലീഷ് ടീച്ചർ | |
| 28 | ഇംഗ്ലീഷ് അസംബ്ലി എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും കേൾക്കുന്ന കാര്യങ്ങൾ സ്വായത്തമാക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികളുടെ നേതൃത്വത്തിൽ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ മേൽനോട്ടം വഹിക്കുന്നു. ഓരോ ക്ലാസ്സിനും ഇടവിട്ട് അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | സബ്ജക്റ്റ് കൗൺസിൽ | |
| 29 | ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ.<br>ദൈനം ദിന കാര്യങ്ങൾ ചിട്ടയായി രേഖപ്പെടുത്തുക ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ക്രമമായി തെറ്റില്ലാതെ വാക്യഘടനയോടു കൂടി എഴുതുന്നു. തിരഞ്ഞെടുത്തവ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഇംഗ്ലീഷ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | അസംബ്ലിയിൽ<br>അവതരിപ്പിക്കുന്നു. | | | |
| 30 | വളരുന്ന നിഘണ്ടു<br>ഇംഗ്ലീഷ് പദ വിജ്ഞാനം<br>വികസിപ്പിക്കുക | ഓരോ യൂണിറ്റും പഠിച്ചു തീരുന്ന മുറയ്ക്ക് പുതിയ വാക്കുകളുടെ അർഥം , ഉച്ചാരണം തുടങ്ങിയവ അക്ഷരമാലാക്രമത്തിൽ കണ്ടെത്തി എഴുതുന്നു. പ്രത്യേക നോട്ടു പുസ്തകങ്ങൾ അതിനായി ഉപയോഗിക്കാം.<br>ദിവസേന ഒരു വാക്ക് ബുള്ളറ്റിൻ ബോർഡിൽ പരിചയപ്പെടുത്തുന്നു. | ഓരോ യൂനിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് | ഇംഗ്ലീഷ് ടീച്ചർ | |
| 31 | ഇംഗ്ലീഷ കോർണർ | ഇംഗ്ലീഷ് പഠനാനന്തരീക്ഷം<br>സൃഷ്ടിക്കൽ<br>ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന തരത്തിൽ പൊതു സ്ഥലത്ത് ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് പ്രദർശിപ്പിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |
| 32 | ഇഗ്ലീഷ് ഫെസ്റ്റ്<br>അനായാസമായി വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന<br>നിലവാരത്തിലേക്ക് | അവധിക്കാലങ്ങളിൽ മുൻ കൂട്ടി നിശ്ചയിച്ചതു പ്രകാരം വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുന്നു.<br>പരിപാടിയുടെ നിർവ്വഹണവും കുട്ടികളെ തന്നെ ഏൽപ്പിക്കുന്നു. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ മികച്ച നിന്നവ | അവധിക്കാലം . | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | 2000 രൂപ |

| | | | | | |
|---|---|---|---|---|---|
| | കുട്ടികളെ എത്തിക്കൽ | മൽസരാടിസ്ഥാനത്തിൽ അവതരിപ്പിക്കാം. | | | |
| **മേഖല അക്കാദമികം** | | | | | **ഉപമേഖല ഹിന്ദി ( യു.പി )** |
| 33 | രാഷ്ട്ര ഭാഷ, ശ്രേഷ്ഠ ഭാഷ ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ പതിപ്പുകൾ തയ്യാറാക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ്ബ് | |
| 34 | ഹിന്ദി അസംബ്ലി | മാസത്തിൽ ഒരു ദിവസം ഹിന്ദി അസംബ്ലി | മാസത്തിൽ ഒന്ന് | ഹിന്ദി അധ്യാപിക | |
| 35 | വായനാ ലേകത്ത് കൊണ്ടു വരൽ | തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരം ചിത്രകഥ, കഥാപുസ്തകം, കുട്ടിക്കഥകൾ, ക്വിസ്സ് | മൂന്നു മാസം | ഹിന്ദി അധ്യാപിക | |
| 36 | ദിനാചരണം | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ പോസ്റ്റർ നിർമ്മിക്കുന്നു. | ഒരു വർഷം | ഹിന്ദി അധ്യാപിക | |
| **മേഖല അക്കാദമികം** | | | | | **ഉപമേഖല സംസ്കൃതം ( യു.പി )** |
| 37 | മധുരം സംസ്കൃതം എൽ.പി,ക്ലാസ്സുകളിൽ സംസ്കൃതവുമായി ബന്ധപ്പെട്ട മുന്നറിവുകൾ | കുട്ടികൾക്ക് പരിചിതമായ ചിത്രങ്ങൾ പ്രദർശിപ്പിച്ച് പദങ്ങൾ വായിക്കുന്നു | ഒന്നാം ടേം | സംസ്കൃത അധ്യാപകൻ | |
| 38 | ആർഷ വാണി സംസ്കൃത ഭാഷ് താത്പര്യം വർ ധിപ്പിക്കൽ | കവിതകൾ ചൊല്ലിപ്പിക്കുന്നു . മലയാളത്തിലും സംസ്കൃതത്തിലും ഒരു പോലെയുള്ള വാക്കുകൾ കണ്ടെത്തുന്നു | ഒന്നാം ടേം | സംസ്കൃത അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 39 | സംസ്കൃത അസംബ്ലി | വാർത്താ വായന, പ്രാർഥന, പ്രതിജ്ഞ, സുഭാഷിതം ചിന്താ വിഷയം | ഓരോ ടേം | സംസ്കൃത അധ്യാപകൻ | |
| 40 | വ്യാകരണ അവബോധം | പാഠഭാഗവുമായി ബന്ധപ്പെട്ട കേട്ടെഴുത്ത് പദച്ഛേദം വിഗ്രഹം, ലകാരങ്ങൾ, വിഭക്തി വചനം | ജൂൺ- മാർച്ച് | സംസ്കൃത അധ്യാപകൻ | |
| 41 | സംസ്കൃതം ക്വിസ്സ് മൽസരം പുരാണങ്ങളെ കുറിച്ചുള്ള അവബോധം | ബുള്ളറ്റിൻ ബോർഡിൽ ആഴ്ചതോറും പുരാണങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു. എല്ലാ വെള്ളിയാഴ്ചയും ശരിയുത്തരം നൽകിയവരിൽ ഒരാളെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നു. അസംബ്ലിയിൽ വെച്ച് സമ്മാനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം അധ്യാപകൻ | |
| **മേഖല അക്കാദമികം** | | | | | **ഉപമേഖല അറബിക് ( യു.പി )** |
| 42 | അറബിക് മധുരം അറബിക് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരപാടി. നിറം നൽകുന്നു. | എഴുത്ത് ,വായന ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു. അക്ഷരം തിരിച്ചറിയാൻ പ്രയാസം നേരിടുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു | 3 മാസം | പൂർവ്വ വിദ്യാർഥികൾ | |
| 43 | വായനത്തിളക്കം കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരൽ നല്ല വായനക്കാരനാക്കുക | തിരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം പുസ്തകങ്ങൾ ചിത്രകഥ (അറബിക്) കഥാപുസ്തകം കുട്ടിക്കവിതകൾ അറബി ക്വിസ്സ് | 6 മാസം | അറബിക് അധ്യാപകർ ഭാഷാസ്നേഹികൾ, | കുട്ടികൾ, സ്പോൺസർ ഷിപ്പ് സർക്കാർ സഹായം |

| | | | | | |
|---|---|---|---|---|---|
| 44 | എഴുത്തിന്റെ ലോകം | ക്ലാസ്സ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായനകാർഡ് നിർമ്മാണം | ഒരു വർഷം | അറബിക് അധ്യാപകർ | |
| **മേഖല അക്കാദമികം** | | | | **ഉപമേഖല അടിസ്ഥാന ശാസ്ത്രം ( യു.പി )** | |
| 45 | നിരീക്ഷണം താരതമ്യം വർ ഗീകരണം അപഗ്രഥനം ഇവയിൽ താത്പര്യം ജനിപ്പിക്കൽ | ഫീൽഡ് ട്രിപ്പിലൂടെ ചുറ്റുപാടുമുള്ള ചെടികളെയും ജീവികളെയും കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനുള്ള അവസരങ്ങൾ നൽകുന്നു | ജൂൺ -മാർച്ച് | ക്ലാസ്സ് അധ്യാപകർ | |
| 46 | ഔഷധത്തോട്ട നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ഔഷധച്ചെടികൾ കുട്ടികൾ ശേഖരിച്ച് കൊണ്ടു വന്ന് നട്ടു പിടിപ്പിക്കുന്നു. ഔഷധ ഗുണങ്ങൾ കണ്ടെത്തുന്നു. ചെടികളുടെ പേര് എഴുതിവെക്കുന്നു . | ജൂൺ | എസ്.ആർ.ജി | |
| 47 | ബോധവൽകരണ ക്ലാസ്സ് | മഴക്കാല വേനൽക്കാല രോഗങ്ങളെക്കുറിച്ച് പ്രതിരോധ കുത്തിവെപ്പുകളെക്കുറിച്ചും പരിസരശുചിത്വത്തെക്കുറിച്ചും ക്ലാസ്സ് നടത്തുന്നു. ( കുട്ടികൾക്കും രക്ഷിതാക്കൾക്കും) | ജൂൺ | എസ്.ആർ.ജി | |
| 48 | ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസ വസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി , ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടുത്താനുതകുന്ന ലാബ് ഉപകരണങ്ങൾ തയ്യാറാക്കൽ. ക്ലാസ്സ് റൂമിൽ പരീക്ഷണ മൂല തയ്യാറാക്കൽ | വർഷത്തിൽ ആദ്യം | എസ്.ആർ.ജി<br>സയൻസ് ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| 49 | ശാസ്ത്രപഠനം രസകരമാക്കൽ | ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവ സംഘടിപ്പിക്കൽ ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ | പ്രതിവർഷം 2 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ | |
| 50 | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | |
| **മേഖല അക്കാദമികം** | | | | **ഉപമേഖല ഗണിതശാസ്ത്രം ( യു.പി )** | |
| 51 | സംഖ്യാബോധം ഉണ്ടാക്കൽ | സ്ഥാനവില പോക്കറ്റ് സംഖ്യാകാർഡ് അബാക്കസ് സംഖ്യാ റിബ്ബൺ, ഇവയുടെ സഹായത്തോടെ സംഖ്യാ ബോധം ഉണ്ടാക്കുന്നു.ചെറുത് വലുത് ആരോഹണം, അവരോഹണം സ്ഥാനവില ഒറ്റസംഖ്യ, ഇരട്ട സംഖ്യ തുടങ്ങിയവ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ | |
| 52 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഗണിത കിറ്റ് ഉപയോഗിച്ച് സങ്കലനം, വ്യവകലനം ഉറപ്പിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപയോഗിച്ച് ചതുഷ്ക്രിയകൾ ചെയ്യിക്കുന്നു. | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ | |
| 53 | ഗണിതം മധുരതരമാക്കൽ | ഗണിത ശിൽപ്പശാല, ജ്യോമട്രിക്കൽ പാറ്റേൺ , ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. കുസൃതിക്കണക്കുകൾ ശേഖരിക്കുന്നു. | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ.ജി | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 54 | ഗണിത വിജയം എല്ലാ വിദ്യാർഥികളും ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | പ്രീടെസ്റ്റിലൂടെ ഗണിതത്തിൽ പിന്നാക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ | |
| 55 | ഗണിതക്വിസ് കുട്ടികളിൽ ഗണിതാഭിരുചിയും ചിന്താ ശേഷിയും വളർത്തൽ | ഗണിത ക്ലബ്ബിലെ കുട്ടികളുടെ നേതൃത്വത്തിൽ ചോദ്യം തയ്യാറാക്കി ഗണിത ക്വിസ് മൽസരം നടത്തുന്നു. | എല്ലാ മാസവും | ഗണിതാധ്യാപകർ | |
| 56 | ഗണിതശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | ഓരോ ആഴ്ചയിലും ചോദ്യം പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തി ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കാം നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്താം | ഓരോ ആഴ്ചയിലും | ഗണിതാധ്യാപകർ | |
| **മേഖല അക്കാദമികം** | | | | **ഉപമേഖല സാമൂഹ്യ ശാസ്ത്രം ( യു.പി )** | |
| 57 | സാമൂഹ്യ ശാസ്ത്ര ലാബ് സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലും സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000 രൂപ |
| 58 | പഠനയാത്രകൾ പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ രണ്ടു വീതം | എസ്.ആർ.ജി | 15000 രൂപ |

| | | | | | |
|---|---|---|---|---|---|
| 59 | മോക്ക് പാർലമെന്റ് ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക പ്രചാരണം ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ്, മീറ്റ ദ കാൻഡിഡേറ്റ്, എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ .ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ 5 എണ്ണം | 1. കാലവർഷ സമ്മേളനം<br>2.തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി സ്കൂൾ പാർലമെന്റ് | |
| 60 | ബുള്ളറ്റിൻ ബോർഡ് സാമൂഹ്യ ശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വായിക്കാൻ സൗകര്യ പ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുക. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്രക്ലബ്ബ് | 1000 രൂപ |
| 61 | സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ | സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ തലങ്ങളിലേക്ക് പ്രവേശിക്കൽ അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായനകോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000 രൂപ |
| **മേഖല അക്കാദമികം** | | | | | **ഉപമേഖല ഉർദു ( യു.പി )** |
| 62 | ഇബ്തിദാ (ആരംഭം) എഴുത്തിലും വായനയിലും | പ്രിടെസ്റ്റ് പിന്തുണ പ്രവർത്തനം | ജൂൺ | എസ്.ആർ.ജി സബ്ജക്ററ് കൗൺ | 2000 |

| | | | | | |
|---|---|---|---|---|---|
| | പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്ത് പ്രവർത്തന രൂപ രേഖ തയ്യാറാക്കൽ | | | സിൽ | |
| 63 | പ്യാരി ഉർദു ( വായന ) വാക്കുകൾ ഉറപ്പിച്ച് അക്ഷര സ്ഫുടതയോടെ വായനയിലേക്ക് പ്രേരിപ്പിക്കുന്നതിന് | വായന കാർഡ് ഭാഷാ ലൈബ്രറി, പത്ര മാസികകൾ റോൾ പ്ലേ അവതരണങ്ങൾ , വായനാ മത്സരങ്ങൾ | ജൂൺ - ആഗസ്റ്റ് | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | |
| 64 | മുതവജ്ജ (എഴുത്തിലേക്ക് )അക്ഷരം ഉറപ്പിച്ച് വൃത്തിയോടെ ഭംഗിയായി എഴുത്തിലേക്ക് പ്രേരിപ്പിക്കുന്നതിന് | അക്ഷര കാർഡ് പദ കാർഡ് കോപ്പിയെഴുത്ത്, കയ്യെഴുത്ത് മാസിക ചുമർ പത്രിക പോസ്റ്റർ രചന ഉർദു കോർണർ | ആഗസ്റ്റ് - ഒക്ടോബർ | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | |
| 65 | ജശ്നെ ഉർദു ( ദിനാചരണം ) ഓരോ സവിശേഷ ദിനങ്ങളെ ഉർദുവിൽ അറിയാനും പരിചയപ്പെടുത്തുവാനും അവസരമൊരുക്കൽ | പോസ്റ്റർ രചന ലഘു പരിചയം വാർത്ത വായന മാഗസിൻ മത്സരങ്ങൾ | ജൂൺ – മാർച്ച് | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | |
| 66 | ആസാനി ഉർദു ( ഉർദു അനായാസം ) പ്രൈമറി തലം അവസാനിക്കുന്നതോടെ ഉർ | അഭിമുഖം സ്പോക്കൺ ഉർദു ഉർദു ക്യാമ്പ്, ഉർദു ഐ. ടി | ടേം ഒന്ന് വീതം | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | |

| | | | | | |
|---|---|---|---|---|---|
| | ദുവിൽ അനായാസം എഴുതാനും വായിക്കാനും അവസരമൊരുക്കുന്ന തോടൊപ്പം വിവര സാങ്കേതിക വിദ്യ പരിചയപ്പെടാനും സാധ്യമാക്കൽ | | | | |
| 67 | മിഷൻ A + USS കരസ്ഥമാക്കുന്നതിനും ഉർദു ടാലന്റ് ടെസ്റ്റ് പോലെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികളെ പര്യാപ്തമാക്കൽ | പരിശീലന ക്ലാസ്സ് മാതൃക പരീക്ഷ ക്വിസ് മത്സരങ്ങൾ കൈപ്പുസ്തകം | ആഗസ്റ്റ്- മാർച്ച് | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | |
| 68 | പഠേം ലിഖേം ( സാഹിത്യാഭിരുചി) കുട്ടികളുടെ രചനാപരമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കൽ | വർക്ക് ഷീറ്റ് നിർമ്മാണം പതിപ്പ് നിർമ്മാണം ഡിജിറ്റൽ മാഗസിൻ | ജൂൺ - മാർച്ച് | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | |
| 69 | മേരി ആവാസ് സുനോ ( പാടാം പറയാം ) ഉർദു ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയത്തിലെ എല്ലാ തരം കുട്ടികളുടെയും സർഗാത്മകകഴിവുകൾ പരിപോഷിപ്പിക്കാനുള്ള | ബാലവേദി മെഹ്ഫിൽ | ടേം ഒന്ന് വീതം | എസ്.ആർ.ജി സബ്ജക്റ്റ് കൗൺസിൽ | |

| | | | | | |
|---|---|---|---|---|---|
| | അവസരം | | | | |
| 70 | സുഹാന സഫർ ( പഠന യാത്ര ) പഠന പ്രവർ ത്തനങ്ങൾ അനുഭവത്തിലൂടെ സ്വായത്തമാക്കാനും കുട്ടികളിൽ മാനസിക ഉല്ലാസവും ആസ്വാദനവും ഉറപ്പാക്കുന്നതിനുമുള്ള വിവിധ യാത്രകൾ സംഘടിപ്പിക്കൽ | ഫീൽഡ് ട്രിപ്പ് പഠന യാത്ര | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി സബ്ജക്റ്റ് കൗൺ സിൽ | |
| 71 | ആവാസ് ഉർദു ( ഉർദു ശബ്ദം )ക്ലാസ് തല പ്രവർത്തന മികവുകളും ക്ലബ്ബ് പ്രവർത്തന മികവുകളും മറ്റുള്ളവരുമായി പങ്കു വെക്കൽ | പത്രം ബുള്ളറ്റിൻ കോളാഷ് ഉർദു കോർണർ ഡിജിറ്റർ സങ്കേതം | ടേം ഒന്ന് വീതം | എസ്.ആർ.ജി സബ്ജക്റ്റ് കൗൺ സിൽ | |
| 72 | ഇനാം (പുരസ്കാരം ) അധ്യയന വർഷത്തിൽ വിവധ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് നേടിയ പ്രതിഭകൾക്ക് അംഗീകാരം | പുരസ്കാരം സ്കോളർഷിപ്പ് അനുമോദനം | വർഷത്തിൽ മൂന്ന് | എസ്.ആർ.ജി സബ്ജക്റ്റ് കൗൺ സിൽ | |
| **മേഖല അക്കാദമികം** | | | | | **ഉപ മേഖല ഭിന്നശേഷി** |
| 73 | ഭിന്നശേഷി സൗഹൃദ വിദ്യാലയം എല്ലാ കുട്ടികളേയും ഉൾക്കൊള്ളുന്ന | റാംപുകൾ റെയിലുകൾ അഡാപ്റ്റഡ് ക്ലാസ്സ് മുറികൾ അഡാപ്റ്റഡ് ടോയ്ലറ്റുകൾ റിസോഴ്സ് റൂം | ജൂൺ - മാർച്ച് | പി.ടി.എ സ്പെഷൻ എഡ്യൂക്കേറ്റർ | |

| | | | | | |
|---|---|---|---|---|---|
| | ഭൗതിക സാഹതര്യം ഒരുക്കുക | | | | |
| 74 | ക്ലാസ്സ് റൂം വിഷയ പ്രവർത്തനങ്ങളിൽ കുച്ചികൾക്കായി അനുരൂപീകരണ സാധ്യതകൾ കണ്ടെത്തി പഠന പിന്തുണ ഉറപ്പിക്കൽ | വിഷയ തലങ്ങളിലെ പഠന നേട്ടങ്ങളിൽ അഡാപ്റ്റഡ് ടീച്ചിംഗ് മാന്വൽ TLM, Evaluation നടത്തി കുട്ടികളെ ഉൾച്ചേർക്കുന്നു | ജൂൺ - മാർച്ച് | അധ്യാപകർ സ്പെഷൻ എഡ്യൂക്കേറ്റർ | |
| 75 | ഭാഷയിൽ മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ഭാഷാ ശേഷി വികാസം ഒരുക്കുക | ഭാഷാ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് വിവധങ്ങളായ ഭാഷാ പ്രവർത്തനങ്ങൾ കണ്ടെത്തി അവസരം നൽകി പഠനം ഉറപ്പ വരുത്തുന്നു . ( ചിത്ര വായന സ്വതന്ത്ര വായന കുഞ്ഞു വായന അമ്മ വായന ലൈബ്രറി പുസ്തക വായന പത്ര വായന ജന്മ ദിന പുസ്തകം തുടങ്ങിയവ) വ്യക്തിഗത പരിശീലന പരിപാടി | 6 മാസം / ഒരു വർഷം | ഭാഷാ വിഷയ അധ്യാപകർ ക്ലാസ്സ് ടീച്ചർ രക്ഷിതാവ സ്പെഷൽ എഡ്യൂക്കേറ്റർ | |
| 76 | വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങളിൽ കുട്ടികളെ പഠന പ്രവർത്തന ഭാഗമായി ഉൾ ച്ചേർക്കുന്നു | ജൂൺ -മാർച്ച് | എസ്. ആർ ജി | |
| 77 | വിവിധ വിഷയ ക്ലബ്ബുകളിൽ ഉൾച്ചേർത്ത് പഠനം കാര്യക്ഷമമാക്കൽ | കുട്ടികൾക്ക് പ്രാപ്യമായ വിഷങ്ങളിലെ ക്ലബ്ബുകളിൽ ഉൾ ച്ചേർത്ത് അവസരം ഒരുക്കുന്നു . ( ശാസ്ത്ര, സാമൂഹ്യ, മലയാള, ഗണിത ക്ലബ്ബുകൾ ) | ജൂൺ -മാർച്ച് | എസ്. ആർ ജി | |
| 78 | കലാ കായിക സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | ക്ലാസ് തല ബാലസഭ വിവധ ക്ലബ്ബുകൾ സ്കൂൾ റേഡിയെ വിവധ മേളകൾ ക്യാംപുകൾ എന്നിവടങ്ങളിൽ അവസരം ഉണ്ടാക്കു, പ്രോത്സാഹിപ്പിക്കുക. ഉപജില്ല മേളകളിലേക്കും മത്സരങ്ങളിലേക്കും പ്രാപ്യമായ കുട്ടികളെ കണ്ടെത്തൽ | ജൂൺ -മാർച്ച് | എസ്. ആർ ജി ടീച്ചർ രക്ഷിതാവ് സ്പെഷൽ എഡ്യൂക്കേറ്റർ | |
| 79 | പഠന യാത്രകളിലൂടെ | പരിസ്ഥിതി പരവും ചരിത്ര പരവുമായ വിനോദ | യാത്രാ ദിനം | എസ്. ആർ ജി | |

| | | | | | |
|---|---|---|---|---|---|
| | നേരനുഭങ്ങൾ ഒരുക്കി മനസ്സിലാക്കുന്നതിന അവസരങ്ങൾ നൽകുന്നു | പരവുമായ ഇടങ്ങിലേക്കുള്ള യാത്രകളിൽ ഉൾച്ചേർക്കുന്നു | | ടീച്ചർ രക്ഷിതാവ് സ്പെഷൽ എഡ്യുക്കേറ്റർ | |
| 80 | വിദ്യാലയ പൂന്തോട്ടം പച്ചക്കറി കൃഷി തോട്ടം ഒരുക്കൽ സ്കൂൾ സൗന്ദര്യ വർക്കരണം | ഇക്കോ ക്ലബ്ബ് ,സീഡ് ക്ലബ്ബ് മായി ചേർന്ന് സ്കൂളിലെ ഇടങ്ങൾ ഹരിതാഭമാക്കി മാറ്റാനും തോട്ടങ്ങൾ ഒരുക്കാനുമുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ജന്മ ദിനത്തിൽ ഒരു ചെടി | ജൂൺ -മാർച്ച് | എസ്. ആർ ജി | |
| 81 | പ്ലാസ്റ്റിക് രഹിത വിദ്യാലയം | ക്ലാസ്സ് മുറികളിൽ പേപ്പർ പേന പേപ്പർ പെൻ സ്റ്റാന്റ് സ്കൂളരികിലെ വീടുകളിൽ തുണി സഞ്ചി / പേപ്പർ ബാഗ് വിതരണം | ജൂൺ -മാർച്ച് | എസ്. ആർ ജി | |